വൃക്ഷ പട്ടയ പദ്ധതി

139 [1078] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷ പട്ടയ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിതര ഏജൻസികളുടെ സഹകരണം തേടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വനത്തിന് പുറത്ത് തരിശായി കിടക്കുന്ന ഭൂമിയിൽ മരം വളർത്തി 8 വർഷം കഴിയുമ്പോൾ മുറിച്ചുവിറ്റ് ആദായം ഉണ്ടാക്കാനുള്ള പദ്ധതിയാണിത്. ഇങ്ങനെ മരം മുറിച്ചുമാറ്റുന്നതിന് മുന്പ് പകരം മരങ്ങൾ വച്ചുപിടിപ്പിച്ചാൽ മാത്രമേ മരം മുറിക്കാൻ അനുവദിക്കുകയുള്ളൂ. വൃക്ഷപ്പട്ടയം ലഭിക്കുന്ന വ്യക്തിക്ക് മരത്തിൻമേൽ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. മരം നിൽക്കുന്ന ഭൂമിയിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ബി) സർക്കാരിതര ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രകൃതിക്ഷോഭവും പരിഹാരവും

140 [1079] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
,, *സാജു പോൾ:*
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് പോകാൻ സാധ്യമല്ലാതായിരിക്കുന്ന സാഹചര്യങ്ങൾമൂലം തീരപ്രദേശത്തുണ്ടായിരിക്കുന്ന പട്ടിണിയും വറുതിയും മാറ്റുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭംമൂലം ക്യാമ്പുകളിൽ കഴിയേണ്ടിവന്നിട്ടുള്ളവരുടെ ദുരിതാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; ഏതെല്ലാം ക്യാമ്പുകളിൽ എത്ര പേർ വീതം കഴിയുന്നു;

(സി) മത്സ്യബന്ധന-വില്പന രംഗത്തുള്ളവരെ പ്രകൃതിക്ഷോഭങ്ങളുടെ കെടുതികളിൽ നിന്നും രക്ഷിക്കാനുതകുന്ന സ്ഥിരം സംവിധാനങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാഹചര്യങ്ങളുടെ സ്വഭാവമനുസരിച്ച് അടിയന്തിര സാഹചര്യങ്ങളിൽ സൗജന്യറേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകാറുണ്ട്.

(ബി) ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. ആ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സ്ഥിരം സംവിധാനങ്ങൾ ഇപ്പോൾ നിലവിലില്ല.

നിരോധിക്കപ്പെട്ട ഉപകരണങ്ങൾ മുഖേനയുള്ള മത്സ്യബന്ധനം

141 [1080] *ശ്രീ. വി. ഡി. സതീശൻ:*
,, *കെ. മോഹൻ കുമാർ:*
,, *കെ. എ. ചന്ദ്രൻ:*
,, *ഇ. എം. അഗസ്തി:*
,, *മുഡി മുയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട വലകളും മത്സ്യബന്ധന ഉപകരണങ്ങളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനാണ് നിരോധനമേർപ്പെടുത്തിയിട്ടുള്ളത്;

(ബി) കേരളത്തിന്റെ മത്സ്യബന്ധന സീസൺ കാലത്ത് ഇത്തരത്തിലുള്ള വലകളും മത്സ്യബന്ധന ഉപകരണങ്ങളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാറുണ്ടോ; എങ്കിൽ എപ്രകാരം;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള യാനങ്ങൾ നിരോധിത മത്സ്യബന്ധന സാമഗ്രികൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുവെന്ന പരാതിയുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly